**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 189** **22-02-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ ജില്ലാ ആശുപത്രിയിലെ ക്യാൻസർ ചികിൽസാ ബ്ലോക്കിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ ജില്ലാ ആശുപത്രിയിൽ 2015-ൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച ക്യാൻസർ ചികിൽസാ ബ്ലോക്കിന്റെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആദ്യത്തെ 7 നിലകളിൽ ഫ്ലോറിംഗും വാൾ ജോലികളും പൂർത്തിയായി. തുടർന്നുള്ള 2 നിലകളിൽ ഫ്ലോറിംഗും വാൾ ടൈൽ ജോലികളും ചെയ്യാനുണ്ട്. Cancer block-ന്റെ പ്ലംബിംഗ് പൂർത്തിയായിട്ടുണ്ട്. വയറിംഗ് ജോലികൾ 90% പൂർത്തികരിച്ചിട്ടുണ്ട്. ജനലുകൾ, ഡോറുകൾ അനുബന്ധ പ്രവർത്തികൾ എസ്റ്റിമേറ്റ് പ്രകാരമുള്ളത് പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റിന്റെ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമർ 1250 കെ.വി.എ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പരിശോധന കഴിഞ്ഞിട്ടുണ്ട്. 750 കെ.വി.എ ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പരിശോധന കഴിഞ്ഞിട്ടുണ്ട്. ഫയർ & സേഫ്റ്റി വർക്ക് സ്റ്റാർട്ട് ചെയ്തിട്ടുണ്ട്, 80% പൂർത്തികരിച്ചിട്ടുണ്ട് എൻ.ഒ.സി ഡ്രോയിംഗ് അപ്രൂവൽ കിട്ടാനുണ്ട്. എ.സി. പ്രവർത്തി 50% പൂർത്തികരിച്ചിട്ടുണ്ട്. സി.സി.ടി.വി, വൈഫൈ, ടെലിഫോൺ എെ.പി.വി എെക്സ്, നെറ്റ് വർക്കിംഗ് പ്രവർത്തികൾ പുരോഗമിച്ചു കോണ്ടരിക്കുന്നു. 6 നിലകളിലെ പ്ലംബിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഫാൾസ് സീലിംഗ് വർക്ക് പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മൂന്നു കോടിയുടെ അഡീഷണൽ വർക്ക് ഈ വർക്കിന്റെ തുടർച്ചയായിട്ട് ചെയ്ത് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ക്യാൻസർ ചികിൽസാ ബ്ലോക്കിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി രോഗികൾക്ക് ചികിൽസാ സൗകര്യം എന്നുമുതൽ ലഭ്യമാക്കാനാവുമെന്ന് അറിയിക്കുമോ; | (ബി) | ജൂലൈ 2022-ഓടു കൂടി പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാ കുന്ന മുറയ്ക്ക് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | കാലതാമസം ഒഴിവാക്കി പ്രസ്തുത ക്യാൻസർ ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് | (സി) | ജൂലൈ 2022-ഓടു കൂടി പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും ലഭ്യമാക്കുന്ന നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ